# സമാധാന പ്രാർത്ഥന

കർത്താവെ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമെ. വിദ്വേഷമുള്ളടത്ത് സ്നേഹവും ദ്രോഹമുള്ളടത്ത് ക്ഷമയും സന്ദേഹമുള്ളടത്ത് വിശ്വാസവും നിരാശയുള്ളടത്ത് പ്രത്യാശയും അന്ധകാരമുള്ളടത്ത് പ്രകാശവും സന്താപമുള്ളടത്ത് സന്തോഷവും ഞാൻ വിതയ്ക്കട്ടെ. ഓ, ദിവ്യനാഥാ, ആശ്വസിപ്പിക്കപ്പെടുന്നതിനെക്കാൾ ആശ്വസിപ്പിക്കുന്നതിനും മനസിലാക്കപ്പെടുന്നതിനെക്കാൾ മനസിലാക്കുന്നതിനും സ്നേഹി ക്കപ്പെടുന്നതിനെക്കാൾ സ്നേഹിക്കുന്നതിനും എനിക്കു ഇടയാക്കണമെ. എന്തെന്നാൽ കൊടുക്കുമ്പോഴാണ് ഞങ്ങൾക്കു ലഭിക്കുന്നത്. ക്ഷമിക്കുമ്പോഴാണ് ഞങ്ങൾ ക്ഷമിക്ക പ്പെടുന്നത്. മരിക്കുമ്പോഴാണ് ഞങ്ങൾ നിത്യജീവിതത്തിലേക്കു ജനിക്കുന്നത്. ആമേൻ.